**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2693** **13-10-2021 - ൽ മറുപടിയ്ക്ക്**

**മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ മെച്ചപ്പെടുത്തുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ എൻ എ നെല്ലിക്കുന്ന് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി , പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി പ്രവർത്തിച്ച വരുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; | (എ) | പട്ടികജാതി വികസനവകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന എം.ആർ.എസുകളിൽ യൂണിസെഫ് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും ഹോസ്റ്റലുകളുടേയും നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തിയിട്ടുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളും പ്രീമെട്രിക് ഹോസ്റ്റലുകളും യൂണിസെഫ് അനുശാസിക്കുന്ന നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പരിപാടികൾ ഘട്ടം ഘട്ടമായി നടപ്പാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും നിലവിലെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ; | (ബി) | പട്ടികജാതി വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെയും പ്രവർത്തനം വിലയിരുത്തുന്നതിന് വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർമാർ, ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ എന്നിവർ നിശ്ചിത ഇടവേളകളിൽ എം.ആർ.എസ് കളും ഹോസ്റ്റലുകളും സന്ദർശനം നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തുകയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച വരികയും ചെയ്യുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനവും പഠന നിലവാരവും വിലയിരുത്തുന്നതിനും പ്രവർത്തനത്തിൽ വരുത്തേണ്ട മാറ്റങ്ങൾ വിലയിരുത്തുന്നതിനുമായി 2010-20 സാമ്പത്തിക വർഷം Integrated Rural |

| | | | |
|---|---|---|---|
| | | | Technology Centre, മുണ്ടൂർ, പാലക്കാട് മുഖേന പഠനങ്ങൾ നടത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്ഥാപനങ്ങളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (സി) | വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളെ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - I

എം.ആർ.എസ് കളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി കെട്ടിടങ്ങൾക്കാവശ്യമായ മെയിന്റനൻസ്, പെയിന്റിംഗ് എന്നിവ നടത്തിവരുന്നു. എം.ആർ.എസുകളിൽ സി.സി.റ്റി.വി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. അധിക നിർമ്മാണ പ്രവൃത്തികൾ, ഫർണിച്ചർ വാങ്ങൽ, അറ്റകുറ്റപ്പണികൾ തുടങ്ങിയവയ്ക്ക് ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് അനുമതി നൽകി വരുന്നു. വിദ്യാർത്ഥികൾക്ക് ആവശ്യമായ ബെഡ്, ബെഡ് ഷീറ്റ് പില്ലോ തുടങ്ങിയവ ആവശ്യകത അനുസരിച്ച് അനുവദിച്ച് വരുന്നു.

വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നവീകരണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകി വരുന്നു. ശുദ്ധജല ലഭ്യതയ്ക്കായി വാട്ടർ പ്യൂരിഫയർ ഹോസ്റ്റലുകളിൽ സ്ഥാപിച്ചിട്ടുണ്ട്. വെള്ളത്തിന് ക്ഷാമമുള്ള ഹോസ്റ്റലുകളിൽ കുഴൽകിണർ കുഴിക്കുന്നതിന്/വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് വാട്ടർ കണക്ഷൻ എടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കുട്ടികളുടെ ആരോഗ്യ സുരക്ഷിതത്വത്തിനായി കൊതുകുവല സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ചിട്ടുണ്ട്. ടെലിവിഷൻ, ഫ്രിഡ്ജ്, മിക്സി, ഗ്രൈൻഡർ, എന്നിവ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

Renuka Sankar
**സെക്ഷൻ ഓഫീസർ**

# <u>അനുബന്ധം II</u>

വകുപ്പിനു കീഴിലുള്ള എം.ആർ.എസ്സ് -കളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ, ലൈബ്രറി, ഇൻറ്റർനെറ്റ് സൗകര്യമുള്ള ഐ.ടി ലാബ്, സയൻസ് ലാബ്, ഭൂമി ശാസ്ത്ര ലാബ്, ലാംഗ്വേജ് ലാബ് എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. എം.ആർ.എസ്സ് -കളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ക്ലാസ് റൂമുകൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ ഹൈടെക് ആക്കുന്നതിന്ന് നടപടി സ്വീകരിച്ചിട്ടുണ്ട്. ASAP -ന്റെ ട്രെയിനിംഗ് പ്രോഗ്രാമുകൾ എം.ആർ.എസ്സ്-കളിൽ നടപ്പാക്കിയിട്ടുണ്ട്. എസ്.പി.സി പദ്ധതി എല്ലാ എം.ആർ.എസ്സ് -കളിലും നടപ്പാക്കിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ പദ്ധതി പ്രകാരം നടത്തപ്പെടുന്ന പദ്ധതികളും എം.ആർ.എസ്സ് -ൽ നടപ്പിലാക്കുന്നുണ്ട്.

മോറൽ വാല്യൂ ക്ലാസുകൾ, മോട്ടിവേഷൻ ക്ലാസുകൾ, വ്യക്തിത്വ വികസന ക്ലാസുകൾ, ലിറ്റിൽ കൈറ്റ്, ഹലോ ഇംഗ്ലീഷ് പ്രോഗ്രാം എന്നിവ എം.ആർ.എസ്സ് -കളിൽ നൽകി വരുന്നു. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി മേട്രൺ കം റസിഡൻ്റ് ട്യൂട്ടർമാരെയും വിദ്യാർത്ഥികൾക്ക് കൗൺസലിങ് നൽകുന്നതിനായി കൗൺസലർമാരെയും നിയമിക്കുന്നുണ്ട്.

വകുപ്പിന് കീഴിലുള്ള പ്രീ മെട്രിക് ഹോസ്റ്റലുകളിൽ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി മേട്രൺ കം റസിഡൻ്റ് ട്യൂട്ടർമാരെ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ ലൈബ്രറി, കംപ്യൂട്ടർ സൗകര്യം എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ മികച്ച നിലവാരത്തിലുള്ളവയാണ്. വകുപ്പിന് കീഴിലുള്ള മുഴുവൻ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലേയും നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ, കുട്ടികളുടെ മാനസികോല്ലാസത്തിനും ആരോഗ്യ സംരക്ഷണത്തിനുമുള്ള സൗകര്യങ്ങൾ, മെനു എന്നിവ സൂക്ഷ്മമായി പരിശോധിച്ച് നിലവിലുള്ള സൗകര്യങ്ങളും വിടവുകളും കണ്ടെത്തി ഓരോ വിദ്യാലയത്തിനും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും ഓരോ വിദ്യാർത്ഥിക്കും വ്യക്തിഗത ശ്രദ്ധാ പദ്ധതിയും നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഡിജിറ്റൽ ലൈബ്രറി, ലാംഗ്വേജ് ലാബ്, കംപ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ് റൂം എന്നിവ തയ്യാറാക്കിയിട്ടുണ്ട്. ആരോഗ്യ സംരക്ഷണത്തിനും വ്യായാമത്തിനും ഔട്ട് ഡോർ ഫിറ്റ്നസ് സെന്റർ, മൾട്ടി പർപ്പസ് പ്ലേ ഗ്രൗണ്ട് , സിന്തറ്റിക് ട്രാക്ക്, ക്രിക്കറ്റ് പിച്ച് എന്നിവ സ്ഥല ലഭ്യതയ്ക്കനുസരിച്ച് സജ്ജീകരിച്ചിട്ടുണ്ട്. നാപ്കിൻ വെന്റിംഗ് മെഷീൻ, ജല ശുദ്ധീകരണ പദ്ധതി, ഖരദ്രാവക മാലിന്യ സംസ്കരണ പ്ലാന്റ്, മിന്നൽ രക്ഷാ ചാലകം, മിനിമാസ്റ്റ് ലൈറ്റ്, സോളാർ പവർ പ്ലാന്റ് സി.സി.ടി.വി, സ്റ്റീം ബേയ്സ്ഡ് കിച്ചൺ, വാട്ടർ പ്യൂരിഫയർ മുതലായവ സംവിധാനങ്ങളും

ഏർപ്പെടുത്തിയിട്ടുണ്ട്.

വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ എസ്.എസ്.എൽ.സി വരെ ക്ലാസ്സുകളുള്ള 18 സ്കൂളുകളിൽ 18 എണ്ണത്തിലും 2020-21 വർഷത്തിൽ 100% വിജയം ഉണ്ടായിട്ടുണ്ട്. ആകെ പരീക്ഷയെഴുതിയ 648 വിദ്യാർത്ഥികളിൽ 648 പേരും വിജയിച്ചിട്ടുണ്ട്. മുഴുവൻ വിഷയങ്ങൾക്കും എ+ ലഭിച്ച 100 വിദ്യാർത്ഥികൾ ഉണ്ട്.

2020-21 വർഷത്തിൽ +2 പരീക്ഷയ്ക്ക് കുട്ടികളെ ഇരുത്തിയ 13 സ്കൂളുകളിൽ 6 എണ്ണത്തിൽ 100% വിജയം ലഭ്യമായിട്ടുണ്ട്. ആകെ പരിക്ഷയെഴുതിയ 807 പേരിൽ 747 പേർ വിജയിച്ചിട്ടുണ്ട്. (92.56%) 14 പേർക്ക് മുഴുവൻ വിഷയങ്ങളിൽ എ+ ലഭിച്ചിട്ടുണ്ട്. 2020-21 വർഷത്തിൽ +2 പരീക്ഷയിൽ 100% വിജയം നേടിയ 11 സർക്കാർ സ്കൂളുകളിൽ 6 എണ്ണവും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളാണ്.

സി.ബി.എസ്.ഇ. 12-ാം ക്ലാസ് പരീക്ഷയിലും വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളിന് 100% വിജയം ഉണ്ടായിട്ടുണ്ട്. വിദ്യാർത്ഥികളുടെ പഠന നിലവാരം കൂടുതൽ ഉയർത്തുന്നതിനായി remedial coaching, individual academic plan തുടങ്ങിയവ നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ട്.

Renuka Sarkar
സെക്ഷൻ ഓഫീസർ